## പതിനാലാം കേരള നിയമസഭ

അഞ്ചാം സമ്മേളനം

| നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം. 317 | 25.04.2017 ൽ മറുപടിയ്ക്ക് |
|---|---|
| **അംഗൻവാടികളുടെ ഉന്നമനത്തിനായി പദ്ധതികൾ** | |
| ചോദ്യം | ഉത്തരം |
| **ശ്രീ.കെ.ദാസൻ** | **ശ്രീമതി കെ.കെ.ശൈലജ ടീച്ചർ (ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ മന്ത്രി)** |
| (എ) സാമൂഹ്യനീതി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന അംഗൻവാടികളുടെ ഉന്നമനത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ എന്തെല്ലാമെന്ന് വിശദമാക്കുമോ; | (എ) സാമൂഹ്യനീതി വകുപ്പിന് കീഴിൽ പ്രവർത്തിക്കുന്ന അങ്കണവാടികളുടെ ഉന്നമനത്തിനായി ആവിഷ്കരിച്ചിട്ടുള്ള പദ്ധതികൾ ചുവടെ ചേർക്കുന്നു<br>1. സംസ്ഥാനത്തെ മുഴുവൻ അങ്കണവാടികൾക്കും കെട്ടിടം ഉൾപ്പെടെയുള്ള അടിസ്ഥാന സൗകര്യങ്ങൾ 3 വർഷത്തിനുള്ളിൽ ഒരുക്കുന്നതിനുള്ള നടപടികൾ ആരംഭിച്ചു.<br>2. സംസ്ഥാനത്തെ 140 നിയോജക മണ്ഡലങ്ങളിലും മാതൃകാ അങ്കണവാടികൾ നിർമ്മിച്ച് 3 തലമുറകൾക്കുള്ള സൗകര്യങ്ങൾ ഒരുക്കുന്ന നടപടികൾ നടന്നു വരുന്നു.<br>3. അങ്കണവാടികളിലൂടെ നൽകുന്ന സേവനങ്ങൾ കാര്യക്ഷമമാക്കുന്നതിനും ഫലപ്രദമാക്കുന്നതിനും അങ്കണവാടികൾ സോഷ്യൽ ആഡിറ്റിന് വിധേയമാക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു.<br>4. അങ്കണവാടികളിൽ പ്രീസ്കൂൾ കരിക്കുലം പരിഷ്കരിക്കുന്നതിനും ആയതിന്റെ അടിസ്ഥാനത്തിൽ 30 തീമുകൾ ഉൾക്കൊള്ളുന്ന തീം ചാർട്ട് തയ്യാറാക്കി മുഴുവൻ അങ്കണവാടികളിലും ലഭ്യമാക്കുകയും, തീം ചാർട്ട് കൈകാര്യം ചെയ്യുന്നതിന് അങ്കണവാടി പ്രവർത്തകർക്ക് പരിശീലനം നൽകുകയും 'അങ്കണത്തൈമാവ്' എന്ന പേരിൽ വർക്കർമാർക്ക് ഹാന്റ് ബുക്ക് ലഭ്യമാക്കുകയും ചെയ്തു. അങ്കണവാടികളിലെ മുഴുവൻ പ്രീസ്കൂൾ കുട്ടികൾക്കും വർക്ക് ബുക്ക് വിതരണം ചെയ്യുകയും വർക്ക് ബുക്ക് കൈകാര്യം ചെയ്യുന്നതിലേയ്ക്കായി 'അങ്കണപൂമഴ' എന്നു പേരിൽ വർക്കർമാർക്ക് ഹാന്റ് ബുക്ക് ലഭ്യമാക്കുകയും ചെയ്തു. |

| | |
|---|---|
| | 5. അങ്കണവാടികളിലെ കുട്ടികൾക്ക് അവരുടെ മാനസിക ശാരീരിക വളർച്ച വിലയിരുത്തുന്നതിനായി അസ്സസ്മെന്റ് കാർഡ്, പ്രീ സ്കൂൾ പഠനം പൂർത്തിയാക്കുന്നവർക്ക് പ്രീ സ്കൂൾ സർട്ടിഫിക്കറ്റ് എന്നിവ ലഭ്യമാക്കിയിട്ടുണ്ട്.<br>6. ഗർഭിണികളുടെയും കുട്ടികളുടെയും ആരോഗ്യം റിയൽ ടൈം മോണിറ്റർ ചെയ്യുന്നതിന്റെ തുടക്കമെന്ന നിലയിൽ അട്ടപ്പാടി, മാനന്തവാടി ബ്ലോക്കുകളിൽ നടപ്പിലാക്കുന്ന പദ്ധതിയാണ് ജാതക് ജനനി. പ്രസ്തുത പദ്ധതി പടിപടിയായി സംസ്ഥാനം മുഴുവൻ വ്യാപിപ്പിക്കാൻ നടപടി സ്വീകരിച്ചു വരുന്നു. |
| (ബി) നിലവിൽ സ്വന്തമായി കെട്ടിടമില്ലാത്ത അംഗൻവാടികൾക്ക് കെട്ടിടം നിർമ്മിച്ചു നൽകുന്നതിന് എന്ത് പദ്ധതിയാണ് ആവിഷ്കരിച്ചിട്ടുള്ളത് എന്ന് വിശദമാക്കുമോ? | (ബി) വാടക കെട്ടിടങ്ങളിൽ പ്രവർത്തിക്കുന്ന എല്ലാ അങ്കണവാടികൾക്കും സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് 3 വർഷം കൊണ്ട് സ്വന്തമായി കെട്ടിടം നിർമ്മിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ